DESPATCHED
On..1.1.6.2020
14/02/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

## ഹർജി നമ്പർ AP No.937(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5566/എസ്.ഐ.സി–ജി 5/2015)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ,
മീത്തലവളപ്പിൽ വീട്, എടക്കാട് പി.ഒ
കണ്ണൂർ – 670 663 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ.),
താലൂക്ക് ആഫീസ്, കണ്ണൂർ

2. അപ്പീൽ അധികാരി &
അഡീഷണൽ തഹസിൽദാർ,
താലൂക്ക് ആഫീസ്, കണ്ണൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 09.02.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.03.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.04.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13.04.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06.05.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.05.2015 |
| ഹിയറിംഗ് തീയതി & സ്ഥലം | 14.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷികൾ യാതൊരു മറുപടിയും നൽകിയിരുന്നില്ല എന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാന്റെ 13.01.2015 തീയതിയിലെ പരാതിയിന്മേൽ കണ്ണൂർ ഡെപ്യൂട്ടി തഹസിൽദാർ എന്തു നടപടിയാണ് സ്വീകരിച്ചത് എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും നൽകിയില്ല എന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 20.01.2015 തീയതിയിലെ അപേക്ഷ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ല എന്നും എന്നാൽ 13.01.2015 എന്ന തീയതി രേഖപ്പെടുത്തിയുള്ള ഒരു അപേക്ഷ ലഭിച്ചിരുന്നുവെന്നും ആയതിന്മേൽ 09.02.2015 തീയതി മറുപടി നൽകിയിരുന്നുവെന്നും അക്കാര്യം ഹർജിക്കാരനെ അറിയിച്ച് ടിയാന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കിയിരുന്നു എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ നിരവധിയായുള്ള വിവരാവകാശ അപേക്ഷകൾ ഒരേ വിഷയത്തിൽ തന്നെ സമർപ്പിച്ചിരുന്നതായി കാണുന്നു. അപ്രകാരം തന്നെ വിവിധ തീയതികൾ രേഖപ്പെടുത്തിയ ശേഷം വളരെ കാലതാമസം വരുത്തിയാണ് ചില അപേക്ഷകൾ എതിർകക്ഷി ഓഫീസിലേക്ക് അയച്ചു നൽകിയിരുന്നതെന്നും കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷകളിന്മേലും അപ്പീൽ അപേക്ഷകളിന്മേലും മറുപടി നൽകുന്നതിൽ ബന്ധപ്പെട്ട ഓഫീസുകൾക്ക് വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു എന്നും കാണുന്നു. അപ്രകാരം തന്നെ ഒരേ വിഷയത്തിൽ തന്നെ നിരവധി അപേക്ഷകൾ സമർപ്പിച്ച് ബന്ധപ്പെട്ട ഓഫീസുകളുടെ സമയം നഷ്ടപ്പെടുത്തുന്നത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നപടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 14- ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp